**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3245** **08-10-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടന്നൂർ ജംഗ്ഷൻ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കുണ്ടന്നൂർ ജംഗ്ഷൻ വികസന പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും; അതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കുണ്ടന്നൂർ ജംഗ്ഷൻ വികസന പദ്ധതിക്കായി G.O(MS) No. 13/2022/PWD dated 26-04-2022 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി 10.53 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 10.53 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും; പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിച്ച് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | ടി പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കിഫ്ബി, എറണാകുളം മുഖേന നടന്നു വരികയാണ്. ആയതിന്റെ ഭാഗമായി 11(1) വിജ്ഞാപനം 08.01.2025 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ളതും, നിലവിൽ എൽ.എ സബ്ഡിവിഷൻ സർവ്വേ വർക്കുകൾ നടന്നു വരികയുമാണ്. ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിന് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ